## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം: 92

21.03.2013 ലെ
മറുപടിയ്ക്ക്

### മദ്രസ അദ്ധ്യാപക ക്ഷേമനിധി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. കെ.എം. ഷാജി | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) മദ്രസ അദ്ധ്യാപക ക്ഷേമനിധി പദ്ധതിയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിലും ഭൂരിപക്ഷം അദ്ധ്യാപകരെയും പദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി പൂർണ്ണമായും പലിശരഹിതമാക്കിയിട്ടും പദ്ധതിയുടെ ഗുണഭോക്താക്കളാവേണ്ട മദ്രസ്സാദ്ധ്യാപകർ പലിശ സംബന്ധമായ ഇടപാടിൽ ഏർപ്പെടുന്നത് അവർ പുലർത്തിപ്പോരുന്ന വിശ്വാസങ്ങൾക്കും രീതികൾക്കും നിരക്കുന്നതല്ലെന്നും അത്തരത്തിൽ ബന്ധപ്പെടാനിടവരുന്ന തരത്തിലുള്ളതാണ് ഈ പദ്ധതി എന്ന തെറ്റിധാരണ മദ്രസ്സാദ്ധ്യാപകരിൽ നിലനിൽക്കുന്നതും പദ്ധതിയുടെ ഗുണവശങ്ങളെക്കുറിച്ച് കൃത്യമായ അവബോധം മദ്രസ്സാദ്ധ്യാപകർക്ക് ഇല്ലാത്തതുമാണ് ഭൂരിഭാഗം മദ്രസ്സാദ്ധ്യാപകരെയും പദ്ധതിയിൽ ചേർക്കുന്നതിന് തടസ്സമായിട്ടുള്ള പ്രധാന കാരണമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (സി) ബഹുഭൂരിപക്ഷം അദ്ധ്യാപകരെയും പദ്ധതിയിലേയ്ക്ക് ആകർഷിക്കാൻ, എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ടെന്ന കാര്യം പരിശോധിക്കുമോ ? | (സി) പദ്ധതി കൂടുതൽ ആകർഷകമാക്കാനായി മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ഭവന നിർമ്മാണപദ്ധതി, വിവാഹാവശ്യ വായ്പാപദ്ധതി, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതി തുടങ്ങിയവ ഉൾപ്പെടുത്തി പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ